LIBRARY ARCHIVES Kerala Legislative Assembly

റബ്ബറധിഷ്ഠിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന ഫാക്ടറികൾ

123(5282) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബർ കർഷകരെ സഹായിക്കാൻ പ്രകൃതിദത്ത റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗപ്പെടുത്തി വിവിധ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറികൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മൂല്യവർദ്ധിത റബ്ബർ ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ, സിയാൽ മാതൃകയിൽ, ഒരു കമ്പനി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ കരട് പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ സമർപ്പിച്ചിട്ടുണ്ട്. KSIDC-യുടെ പങ്കാളിത്തത്തോടെയാണ് പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നത്. പദ്ധതിക്കാവശ്യമായ ഭൂമി കണ്ടെത്തുവാൻ കിൻഫ്രയെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് സംസ്ഥാന സർക്കാരിനു ലഭിച്ച HNL-ന്റെ ഭൂമിയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. കേരള റബർ ലിമിറ്റഡിന് ഭൂമി ലഭ്യമായാലുടൻതന്നെ പദ്ധതിക്ക് തറക്കല്ലിടാനും അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ച് പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുവാനുമാണ് ഉദ്ദേശിക്കുന്നത്. വടക്കൻ മലബാറിലെ റബ്ബർ കർഷകരുടെ ഉന്നമനത്തിനായി കണ്ണൂർ ജില്ലയിൽ KSIDC-യുടെ പങ്കാളിത്തത്തോടുകൂടി റബ്ബറധിഷ്ഠിത വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിനായുള്ള നടപടി പുരോഗമിക്കുന്നു. ആദ്യഘട്ടത്തിൽ എക്സ്ട്രാമിനേഷൻ ഗ്ലൗസ്/സർജിക്കൽ ഗ്ലൗസ് തുടങ്ങിയ ഉത്പന്നങ്ങളാവും ഉത്പാദിപ്പിക്കുക. റബ്ബർ ബോർഡിന്റെ സാങ്കേതിക സഹായത്തോടെയാകും നിർദ്ദിഷ്ട യൂണിറ്റ് നിലവിൽ വരുക. ഈ കമ്പനിയിൽ ഓഹരി പങ്കാളിത്തം ആകർഷിക്കുന്നതിനായി റബ്ബർ കർഷകരെയും സൊസൈറ്റികളെയും സ്വകാര്യ സംരംഭകരെയും പ്രവാസികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു നിക്ഷേപക സംഗമം 18-2-2020-ൽ കണ്ണൂരിൽ വച്ച് നടത്തപ്പെടുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

പരമ്പരാഗത വ്യവസായം

124(5283) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്ക വ്യവസായത്തിൽനിന്നും ലഭിക്കുന്ന വരുമാനം പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പരമ്പരാഗത രീതിയിൽ കക്ക വാരി ഉപജീവനം നടത്തുന്ന ഇത്തരം തൊഴിലാളികൾക്ക് കക്ക വാരാനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) കേരള ഇൻലാന്റ് ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ആക്ട് 2010-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കക്ക ശേഖരിക്കുന്നതിന് തടസ്സങ്ങൾ ഇല്ല. പരമ്പരാഗത രീതിയിൽ കക്ക വാരി ഉപജീവനം നടത്തുന്ന തൊഴിലാളികളുടെ സഹകരണ സംഘങ്ങൾക്ക് കക്ക വാരുന്നതിനുള്ള ലൈസൻസും കക്ക ഗതാഗതം ചെയ്യുന്നതിനുള്ള പെർമിറ്റും നിശ്ചിത തുക റോയൽറ്റി ഈടാക്കി നൽകിവരുന്നുണ്ട്.

കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി

125(5284) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി പ്രാവർത്തികമാക്കാൻ നാളിതുവരെയായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും ആയതിന്റെ പുരോഗതിയും അറിയിക്കാമോ?

വ്യവസായ രംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉത്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴിയുടെ ഭാഗമായി കേരളത്തിൽ നടപ്പാക്കുന്നത്. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും. കൊച്ചി-ബാംഗ്ലൂർ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50%-ഉം National Industrial Corridor Development & Implementation Trust (NICDIT)-ന്റെ 50% ഉം പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി കിൻഫ്രയുടെ നേതൃത്വത്തിൽ "ദി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്"

LIBRARY ARCHIVES Kerala Legislative Assembly